(സി) പ്രസ്തുത സഹകരണ സംഘത്തിൽ നടത്തിയിട്ടുള്ള സാമ്പത്തിക ക്രമക്കേടിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) സഹകരണ ഡിപ്പാർട്ടുമെന്റിലെ വിജിലൻസ് വിഭാഗത്തെക്കൊണ്ട് അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള കോ-ഓപ്പറേറ്റീവ് ട്രാൻസ്പോർട്ട്

133 (301) ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്ത് പ്രവർത്തിക്കുന്ന കേരള കോ-ഓപ്പറേറ്റീവ് ട്രാൻസ്പോർട്ട് എത്രകാലമായി നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(ബി) ഈ സംഘത്തിന് എത്ര ബസ്സുകളുണ്ട്; അതിൽ എത്ര എണ്ണം ഇപ്പോൾ ഓടുന്നുണ്ട്;

(സി) ഈ സംഘത്തിലെ എത്ര തൊഴിലാളികളെ പിരിച്ചുവിട്ടു; എത്ര പേരെ തരംതാഴ്ത്തി;

(ഡി) ഈ സംഘത്തിന് നഷ്ടമുണ്ടാകാനുള്ള കാരണങ്ങളെപ്പറ്റി അന്വേഷിക്കുമോ?

ഉത്തരം

(എ) കൊല്ലത്ത് പ്രവർത്തിക്കുന്ന മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം 1978-79 മുതൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

(ബി) 42 ബസ്സുകൾ ഉണ്ട്. 34 എണ്ണം സർവ്വീസ് നടത്തുന്നുണ്ട്. 5 ബസ്സുകൾ റിസർവാണ്.

(സി) ഈ സംഘത്തിലെ തൊഴിലാളികളെ പിരിച്ചുവിടുകയോ തരംതാഴ്ത്തുകയോ ചെയ്തിട്ടില്ല.

(ഡി) അന്വേഷിച്ചിട്ടുണ്ട്.

കരകുളം സർവ്വീസ് സഹകരണ ബാങ്കിലെ നിയമനം സംബന്ധിച്ച പരാതി

134 (302) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ കരകുളം സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന നിയമനത്തെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരാണ് പരാതി നൽകിയത്; എന്നാണ് സർക്കാരിന് പരാതി ലഭിച്ചത് ;

(സി) ഈ പരാതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് നടപടി സ്വീകരിച്ചു ;

(ഡി) ഇല്ലെങ്കിൽ അടിയന്തിരമായി നിയമനത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും അനധികൃതമായി നിയമനം നടന്നിട്ടുണ്ടെങ്കിൽ റദ്ദു ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ശ്രീ. സുകുമാരൻ നായർ, ആനന്ദ ഭവൻ, മുല്ലശ്ശേരി ജംഗ്ഷൻ, കരകുളം പി.ഒ. ആണ് പരാതി നൽകിയത്. 5-5-1999-ൽ സഹകരണം സംഘം രജിസ്ട്രാർക്ക് പരാതി ലഭിക്കുകയുണ്ടായി.

(സി)&(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. അന്വേഷണം നടത്തിയതിൽ നിയമനങ്ങൾ ക്രമപ്രകാരമല്ലാത്തതിനാൽ റദ്ദാക്കുന്നതിന് തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ സംഘത്തിന് നിർദ്ദേശം നൽകുകയുണ്ടായി. ഇതിനെതിരെ ജീവനക്കാരും ബാങ്കും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് സ്റ്റേ ഉത്തരവ് വാങ്ങിയിരിക്കുകയാണ്.

കരകുളം സർവ്വീസ് സഹകരണ ബാങ്കിലെ നിയമനങ്ങൾ

135 (303) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കരകുളം സർവ്വീസ് സഹകരണ ബാങ്കിൽ 1999 ഡിസംബർ മാസത്തിനുശേഷം ഇതുവരെ എത്ര നിയമനങ്ങൾ നടന്നു ;

(ബി) ഏതെല്ലാം തസ്തികകളിലേയ്ക്കാണ് നിയമനം നടന്നത് ;

(സി) ഇതിൽ സ്ഥിരം നിയമനം എത്ര; താത്ക്കാലിക നിയമനം എത്ര ;

(ഡി) നിയമനത്തിൽ വേണ്ട നിബന്ധനകൾ പാലിച്ചിട്ടുണ്ടോ ;

(ഇ) ഈ നിയമനം സംബന്ധിച്ച് അന്വേഷണം നടത്തി അനർഹരെ നിയമിച്ചിട്ടുണ്ടെങ്കിൽ നിയമനം റദ്ദു ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്ന് നിയമനങ്ങൾ നടന്നു

(ബി) സെയിൽസ്മാൻ തസ്തികയിലേയ്ക്കാണ് നിയമനം നടന്നത്.

(സി) സ്ഥിരം നിയമനം മൂന്നെണ്ണം, താത്ക്കാലിക നിയമനം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly